മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) 31-3-59-ലെ 579-ാംനമ്പർ 'എ' വിജ്ഞാപനം ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. എ. മാത്യു: പ്രസ്തുത തരം ചട്ടങ്ങളിൽ ഏറ്റവും കുറവും കൂടുതലും സംബന്ധിച്ചുതാരാണെന്നുള്ള ചോദ്യത്തിനു ഉത്തരം കിട്ടിയിട്ടില്ല.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: കണക്കെടുത്തിട്ടില്ലെന്നു ഉത്തരം പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. സി. ഇബ്രാഹിം: കണക്കെടുക്കാത്തതു് എന്തുകൊണ്ടാണു്; അതു സാധിക്കാത്തതാണോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അങ്ങനത്തെ ഉത്തരത്തിൽ അതിന്റെ കണക്കെടുക്കണ്ട ആവശ്യമുണ്ടെന്നു ഗവണ്മെന്റ് വിചാരിക്കുന്നില്ല എന്നാണു് ഉത്തരം.

ശ്രീ. പി. ടി. ചാക്കോ: കണക്കെടുത്താലുമില്ലെങ്കിലും ഇത്തരം ചട്ടങ്ങൾ കർശനമായി നിർവ്വഹിക്കുന്നതിനു് പോർട്ടുഫോളിയോ ഇല്ലാത്ത ഒരു മന്ത്രിയെ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ബോംബയിലോ മറ്റോ അങ്ങനെയുണ്ടോ എന്നറിഞ്ഞുകൂടാ. ഇവിടെ അതിന്റെ ആവശ്യമില്ല.

വന്യമൃഗസംരക്ഷണം.

*1521. [9½] ശ്രീ. എൻ. ശിവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ദയവുചെയ്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വന്യമൃഗസംരക്ഷണകേന്ദ്രങ്ങൾ ഏതെല്ലാമാണു്;

(ബി) വന്യമൃഗസംരക്ഷണത്തിനു് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) പെരിയാർ, വാഴാനി, പീച്ചി, നെയ്യാർ.

(ബി) 1. വന്യമൃഗസംരക്ഷണത്തിനു് പ്രത്യേകസ്ഥലം ഏർപ്പെടുത്തി അങ്ങനെയുള്ള സ്ഥലങ്ങളിൽ അവയ്ക്കു നിർബാധം ജീവിക്കുന്നതിനു് പൊതുജനങ്ങളുടെ പ്രവേശനത്തെ ശാശ്വതമായി നിരോധിച്ചിരിക്കുന്നു.

2. വന്യമൃഗസംരക്ഷണത്തിനുവേണ്ടി പൊതുജനങ്ങളുടെ അനധികൃതമായ പ്രവേശനത്തെ തടയുന്നതിനു് ഉദ്യോഗസ്ഥന്മാരെയും കീഴ്ജീവനക്കാരെയും അറിയിച്ചിട്ടുണ്ടു്.

3. ഉദ്യോഗസ്ഥന്മാരുടെയും ഒപ്പം അസോസിയേഷനുകളും രൂപീകരിച്ചു് അവർക്കു് ആവശ്യമായ സഹായധനം കൊടുക്കാൻ ഗവണ്മെന്റ് ഏർപ്പാടുചെയ്തിട്ടുണ്ടു്.

4. യഥാകാലങ്ങളിൽ ഗവണ്മെന്റിൽനിന്നും വന്യമൃഗസംരക്ഷണത്തിനായി ഒരു ബോർഡും, വന്യമൃഗസംരക്ഷണം മുൻനിർത്തി കാര്യക്ഷമമായി നടത്തുന്നതിനു് ഒരു വന്യമൃഗസംരക്ഷണ ആക്ടും രൂപീകരിച്ചിട്ടുണ്ടു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: കോഴിക്കോട് ഡിസ്ട്രിക്ടിൽ ഒരു വന്യമൃഗസംരക്ഷണസങ്കേതം ഉണ്ടാക്കാൻ ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : ഇപ്പോൾ ആലോചനയില്ല.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : അതു് ഏറ്റവും പറ്റിയ ഒരു സ്ഥലമാണെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : പറ്റിയ സ്ഥലമാണോ എന്നു് അനേഷിച്ചു പറയാൻ സാധിക്കുകയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറിന്റെ അനുമതിയുടെ മുഴങ്ങുകയും വേട്ടയാടി നശിപ്പിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ നശിപ്പിച്ചാൽ അതിനു നടപടി യെടുക്കാൻ ഏർപ്പാടുകൾ ഉണ്ടു്.

ശ്രീ. പി. ടി. ചാക്കോ : കോട്ടയം ഡിസ്ട്രിക്ടിൽ പബ്ലിക്കേഷൻ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തു് കാടും ഇല്ല, മൃഗങ്ങളുമില്ല ; ഉള്ളതു് രണ്ടുകാലുള്ള മൃഗങ്ങളാണെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അറിവില്ല.

മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട പദ്ധതികൾ.

* 1522. [10] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട പദ്ധതികളെപ്പറ്റി ആലോചിച്ചു് ഏതെങ്കിലും നക്കൽ ഗവണ്മെൻറു് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മൂന്നാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളും, വ്യവസായങ്ങളും എന്തൊക്കെയാണെന്നു് വെളിപ്പെടുത്തുമോ ;

(സി) മൂന്നാംപഞ്ചവത്സരപദ്ധതികളിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെപ്പറ്റി കേന്ദ്രഗവണ്മെൻറോ, പ്ലാനിംഗ് കമ്മീഷനോ വല്ല നിർദ്ദേശവും ഗവണ്മെൻറിനു നൽകിക്കഴിഞ്ഞിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു്) :

(എ) ഇല്ല; മൂന്നാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു.

(ബി) ഇപ്പോൾ മൂന്നാം പഞ്ചവത്സരപദ്ധതിയെപ്പറ്റിയുള്ള പൊതു പ്രശ്നം ആണു് ചർച്ച ചെയ്യുന്നതു്.

(സി) ഇല്ല.

ശ്രീ. എം. എം. മത്തായി : മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യവസായങ്ങളെപ്പറ്റിയും, വൻകിട പദ്ധതികളെപ്പറ്റിയും ഗവണ്മെൻറു് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് : അതിനെ സംബന്ധിച്ചു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം : ഏതെല്ലാം വ്യവസായങ്ങൾ നടപ്പിലാക്കണമെന്നു് ആലോചിക്കുന്നതിനു് ഒരു വർക്കിംഗ് ഗ്രൂപ്പു് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് : വർക്കിംഗ് ഗ്രൂപ്പു്, ഓഫീസുതല ത്തിൽ ഇപ്പോൾത്തന്നെ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly